"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്ക് (ട്യൂഷൻ/ സ്പെഷ്യൽ ട്യൂഷൻ ഫീസ്, വിവിധ കോഴ്സുകളിലേക്ക് അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസുകൾ, പഠന സാമഗ്രികൾ വാങ്ങുന്നതിന്, സ്കൂൾ ആവശ്യങ്ങൾക്കായി വാഹന സൗകര്യം, അനുബന്ധ ചെലവുകൾ) തുക വിനിയോഗിക്കുന്നതിനു സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.312/2025/WCDD തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. 07.08.2017-ലെ സ.ഉ (പി) നം.102/2017/ഫിൻ
2. 22.03.2025 ലെ വനിതാ ശിശു വികസന ഡയറക്ടറുടെ DWCD/1753/2025 - ICPS 2 നമ്പർ കത്ത്
3. 03.04.2025 ലെ ഒന്നാമത്തെ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.
4. 03.04.2025-ലെ 31/2025/ധന നമ്പർ സർക്കുലർ
5. 23.05.2025 ലെ വനിതാ ശിശു വികസന ഡയറക്ടറുടെ DWCD/1753/2025 - ICPS 2 നമ്പർ കത്ത്

**ഉത്തരവ്**

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി (ട്യൂഷൻ/ സ്പെഷ്യൽ ട്യൂഷ്യൻ ഫീസ്, വിവിധ കോഴ്സുകളിലേക്ക് അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസുകൾ, പഠന സാമഗ്രികൾ വാങ്ങുന്നതിന്, സ്കൂൾ ആവശ്യങ്ങൾക്കായി വാഹന സൗകര്യം, അനുബന്ധ ചെലവുകൾ)എന്നിവയ്ക്ക് 2025 -26 സാമ്പത്തിക വർഷം ആവശ്യമായി വരുന്ന 73,50,000/-(എഴുപത്തി മൂന്നു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2235-02-102-36(02)P ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിലേക്കായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 03/04/2025-ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് 440 കുട്ടികൾക്ക് വിദ്യാഭ്യാസ ചെലവിനുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കണം എന്ന നിബന്ധനക്ക് വിധേയമായി പരാമർശം (3) പ്രകാരം സമഗ്ര ഭരണാനുമതി നൽകുവാൻ തീരുമാനിച്ചു. 440 കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനു 77,00,000/-(എഴുപത്തി ഏഴ് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ പരാമർശം (5) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2)മേൽ സാഹചര്യത്തിൽ, ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവു

വഹിക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയ്ക്ക് ചുവടെ ചേർക്കും നിബന്ധനകൾക്ക് വിധേയമായി സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- പദ്ധതിയുടെ തുടർച്ചയ്ക്കാവശ്യമായ തുക ശീർഷകമായ 2235-02-102-36(02)P-ൽ അതാത് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ ഒന്നും ഒരു മാറ്റവും ഇല്ലാത്ത പക്ഷം പരാമർശം (1) പ്രകാരമുള്ള Delegation of Financial Power-ന്റെ അടിസ്ഥാനത്തിൽ അതാത് വർഷത്തെ ബജറ്റ് വിഹിതം കണക്കിലെടുത്ത് തുടർ വർഷങ്ങളിൽ ഭരണാനുമതി നൽകാവുന്നതാണ്.
- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ എന്തെങ്കിലും മാറ്റമുള്ള പക്ഷം New Scheme ആയി കണക്കാക്കി യഥാനുസരണം ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്.
- പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ് (ഇനം 25)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 08-07-2025 11:57:31

## അനുബന്ധം

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോമുകളിൽ നിലവിൽ താമസിക്കുന്ന 440 കുട്ടികൾക്ക് 2025-26 അധ്യയന വർഷത്തിൽ സ്കൂളിൽ കൊണ്ട് പോകുന്നതിനാവശ്യമായ സാധന സാമഗ്രികൾ (ബാഗ്, വാട്ടർബോട്ടിൽ, കുട, ചെരുപ്പ്, പാഠ്യ ഉപകരണങ്ങൾ, യൂണിഫോം, കളർ ഡ്രസ്സ് മുതലായവ) വാങ്ങുന്നതിലെക്കായി ഒരു കുട്ടിക്ക് 2500/- രൂപ നിരക്കിൽ 11,00,000/- രൂപ ചുവടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതുണ്ട്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | ഒരു കുട്ടിക്ക് അനുവദിക്കാവുന്ന തുക | ആകെ തുക |
|---|---|---|---|---|
| 1. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , തിരുവനന്തപുരം | 43 | 2500/- | 107500 |
| 2. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , ബീച്ച് റോഡ്, കൊല്ലം | 28 | 2500/- | 70000 |
| 3. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , തിരുവഞ്ചൂർ, കോട്ടയം | 38 | 2500/- | 95000 |
| 4 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | 25 | 2500/- | 62500 |
| 5 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , രാമവർമ്മപുരം, തൃശ്ശൂർ | 19 | 2500/- | 47500 |
| 6 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , വെള്ളിമാടുകുന്ന്, കോഴിക്കോട് | 30 | 2500/- | 75000 |
| 7 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് , തലശ്ശേരി, കണ്ണൂർ | 26 | 2500/- | 65000/- |
| 8 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് , എറണാകുളം | 40 | 2500/- | 100000/- |
| 9 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് , വെള്ളിമാടുകുന്ന്, | 38 | 2500/- | 95000/- |

| | | | | |
|---|---|---|---|---|
| | കോഴിക്കോട് | | | |
| 10 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , വയലത്തല, പത്തനംതിട്ട | 15 | 2500/- | 37500/- |
| 11 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , നൂറനാട്, ആലപ്പുഴ | 25 | 2500/- | 62500/- |
| 12 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , മുട്ടികുളങ്ങര, പാലക്കാട് | 17 | 2500/- | 42500/- |
| 13 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , തലശ്ശേരി, കണ്ണൂർ | 31 | 2500/- | 77500/- |
| 14 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് ,തവനൂർ, മലപ്പുറം | 18 | 2500/- | 45000/- |
| 15 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , കണിയാമ്പറ്റ, വയനാട് | 33 | 2500/- | 82500/- |
| 16 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , പരവനടുക്കം, കാസർഗോഡ് | 14 | 2500/- | 35000/- |
| | **ആകെ തുക** | **440** | | **11,00,000/-** |

കൂടാതെ ഗവ. ചിൽഡ്രൻസ് ഹോമുകളിലെ 440 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി (ട്യൂഷൻ ഫീസ്, വിവിധ കോഴ്സുകളിലെക്ക് അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസുകൾ, പഠനസാമഗ്രികൾ വാങ്ങുന്നതിന്, സ്കൂൾ ആവശ്യങ്ങൾക്കായി വാഹന സൗകര്യം, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി) ഒരു കുട്ടിക്ക് 15000/- രൂപ നിരക്കിൽ 66,00,000/- രൂപ ചുവടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതുണ്ട്,

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | ഒരു കുട്ടിക്ക് അനുവദിക്കാവുന്ന തുക | ആകെ തുക |
|---|---|---|---|---|
| 1. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , തിരുവനന്തപുരം | 43 | 15000/- | 645000/- |
| 2. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , ബീച്ച് | 28 | 15000/- | 420000/- |

| | | | | |
|---|---|---|---|---|
| | റോഡ്, കൊല്ലം | | | |
| 3. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , തിരുവഞ്ചൂർ, കോട്ടയം | 38 | 15000/- | 570000/- |
| 4 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | 25 | 15000/- | 375000/- |
| 5 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , രാമവർമ്മപുരം, തൃശ്ശൂർ | 19 | 15000/- | 285000/- |
| 6 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , വെള്ളിമാടുകുന്ന്, കോഴിക്കോട് | 30 | 15000/- | 450000/- |
| 7 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് , തലശ്ശേരി, കണ്ണൂർ | 26 | 15000/- | 390000/- |
| 8 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് , എറണാകുളം | 40 | 15000/- | 600000/- |
| 9 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് , വെള്ളിമാടുകുന്ന്, കോഴിക്കോട് | 38 | 15000/- | 570000/- |
| 10 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , വയലത്തല, പത്തനംതിട്ട | 15 | 15000/- | 225000/- |
| 11 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , നൂറനാട്, ആലപ്പുഴ | 25 | 15000/- | 375000/- |
| 12 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , മുട്ടികുളങ്ങര, പാലക്കാട് | 17 | 15000/- | 255000/- |
| 13 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , തലശ്ശേരി, കണ്ണൂർ | 31 | 15000/- | 465000/- |
| 14 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് | 18 | 15000/- | 270000/- |

| | | | | |
|---|---|---|---|---|
| | ,തവനൂർ, മലപ്പുറം | | | |
| 15 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , കണിയാമ്പറ്റ, വയനാട് | 33 | 15000/- | 495000/- |
| 16 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് , പരവനടുക്കം, കാസർഗോഡ് | 14 | 15000/- | 210000/- |
| | **ആകെ തുക** | **440** | | **66,00,000/-** |

മേൽ പട്ടിക പ്രകാരം ഗവ. ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള 11,00,000/- രൂപയും മറ്റ് വിദ്യാഭ്യാസ ചെലവുകൾക്കായി 66,00,000/- രൂപയും കൂടി ആകെ 77,00,000/- ആവശ്യമാണ്.